ഉത്തരം

(എ) 2001-2002 മുതൽ ഓരോ വർഷത്തേയും കെ.എസ്.ഇ. ബോർഡിന്റെ റവന്യൂ കമ്മി താഴെ കൊടുക്കുന്നു:

വർഷം	*റവന്യൂ കമ്മി (രൂപ കോടിയിൽ)*
2001-2002	1316.43
2002-2003	1015.57
2003-2004 (താൽക്കാലിക കണക്ക്)	1007.43
2004-2005 (താൽക്കാലിക കണക്ക്)	342.77

(ബി) 2002-2003 സാമ്പത്തിക വർഷം റവന്യൂ കമ്മി കുറച്ച വകയിലും ബോർഡിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിച്ച വകയിലും ഇൻസന്റീവ് ഗ്രാന്റായി (എ.പി.ഡി.ആർ.പി. സ്കീമിൽ) 64.94 കോടി രൂപ കേന്ദ്രഗവൺമെന്റിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഇതിനെ സംബന്ധിച്ച ബോർഡ് ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. †

സി. ആന്റ് എ. ജി.-യുടെ റിപ്പോർട്ടിലെ പരാമർശങ്ങൾ

14 [2764] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിർദ്ദേശിച്ച മാർഗ്ഗരേഖകളിൽനിന്ന് വ്യതിചലിച്ചുകൊണ്ട് 1994-ൽ ഗവൺമെൻറ് എടുത്ത തീരുമാനത്തിന്റെ ഫലമായി ഇൻഡ്സിൽ എന്ന സ്വകാര്യകമ്പനിക്ക് ഇലക്ട്രിസിറ്റി ബോർഡിന്റെ ചെലവിൽ ലൈൻ നിർമ്മിച്ച് കൊടുത്തതുവഴി ബോർഡിന് എത്രകോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഒരു സ്വകാര്യ മുതൽമുടക്കുകാരന് 8.79 കോടി രൂപയുടെ അനർഹമായ ആനുകൂല്യം നൽകുന്നതിന് ഇടയാക്കിയതായി സി. ആന്റ് എ. ജി. 2003-ലെ റപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ;

(സി) എങ്കിൽ നിർദ്ദേശ തത്വങ്ങൾക്ക് വിരുദ്ധമായി തീരുമാനം കൈക്കൊണ്ട വർക്കെതിരെ സർക്കാർ എന്തുനടപടി സ്വീകരിക്കുകയുണ്ടായി;

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതു സംബന്ധമായി വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) സി. ആന്റ് എ. ജി. റിപ്പോർട്ട് സർക്കാരിന് ലഭിച്ചത് എപ്പോഴാണ്?

ഉത്തരം

(എ) ... (ഇ) 2003 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഇന്ത്യയുടെ സി. ആന്റ് എ. ജി. യുടെ റിപ്പോർട്ട് (വാണിജ്യപരം) 2003 ജൂലൈ മാസത്തിൽ സർക്കാരിൽ ലഭിച്ചു. പ്രസ്തുത റിപ്പോർട്ടിൽ സ്വകാര്യ മുതൽമുടക്കുകാരന് 8.79 കോടി രൂപയുടെ അനർഹമായ ആനുകൂല്യം നൽകുന്നതിന് ഇടയാക്കിയതായി പ്രതിപാദിച്ചിരുന്നു. 12.477 കി.മി. ലൈൻ നിർമ്മിച്ചതിന് ചെലവായ തുകയും പലിശയും പ്രസ്തുത സ്വകാര്യ മുതൽമുടക്കുകാരനിൽനിന്നും ഈടാക്കുന്നതിന് ബോർഡിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ വൈദ്യുതിനിരക്ക്

15 [2765] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് കീഴിലും സാശ്രയ സംഘടനകൾക്ക് കീഴിലും പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾക്ക് നിശ്ചയിച്ചിട്ടുള്ള വൈദ്യുതിനിരക്ക് എത്രയാണ്;

(ബി) ഈ ഇനത്തിൽ പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾക്ക് വിനിയോഗിക്കുന്ന വൈദ്യുതിയുടെ നിരക്ക് കുറയ്ക്കണമെന്ന അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) സേവനമേഖലയെന്ന നിലയ്ക്ക് ഈ ഇനത്തിൽപ്പെട്ട വൈദ്യുതിയുടെ ചാർജ്ജ് കുറയ്ക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) കുടിവെള്ള പദ്ധതികൾക്ക് നിശ്ചയിച്ചിട്ടുള്ള വൈദ്യുതി നിരക്ക് എൽ. റ്റി. IV ആണ്. ഇതിന്റെ നിരക്ക് ചുവടെ ചേർക്കുന്നു:

ഒരു കിലോവാട്ടിന് ഒരു മാസത്തേക്കുള്ള ഫിക്സഡ് ചാർജ്ജ്—45 രൂപ.

ഒരു യൂണിറ്റിനുള്ള എനർജി ചാർജ്—325 പൈസ.

LIBRARY ARCHIVES Kerala Legislative Assembly